(എഫ്) ഇല്ല.

(ജി) മുകളിൽ (എഫ്) പിരിവിന് നൽകിയിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

33 (1627) പോലീസ് കോൺസ്റ്റബിൾ ആയിരിക്കേ മരിച്ച വേണുഗോപാലിന്റെ കുടുംബപെൻഷൻ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എ.ആർ. പോലീസ് കോൺസ്റ്റബിൾ ആയിരുന്ന പരേതനായ വേണുഗോപാലന്റെ കുടുംബത്തിന് അർഹമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷന് അർഹമായ സർവ്വീസ് കാലാവധി എന്നു മുതലാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇങ്ങനെ പെൻഷൻ കണക്കാക്കിയതിൽ അപാകതയുണ്ടെന്നും അത് പരിഹരിക്കണമെന്നും കാണിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28-2-99 മുതൽ കുടുംബ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഡി.സി.ആർ. ജി. മുതലായ ആനുകൂല്യങ്ങൾ നൽകുന്നത് അക്കൗണ്ടന്റ് ജനറലിന്റെ പരിഗണനയിലാണ്.

(ബി) 30-9-1976 മുതൽ.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) വേണുഗോപാലിനെ 1971-ൽ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്തിരുന്നുവെങ്കിലും ടിയാന്റെ പേരിൽ ഒരു ക്രിമിനൽ കേസ്സ് നിലവിലുണ്ടായിരുന്നതിനാൽ ടി കേസ്സ് തീർപ്പായതിനുശേഷം 30-9-76-ൽ ആണ് ടിയാനെ സർവ്വീസിൽ പ്രവേശിപ്പിച്ചത്. പരാതിയിൽ ടിയാൻ സർവ്വീസിൽ ഇല്ലാതിരുന്ന 1971 മുതൽ 30-9-76 വരെയുള്ള കാലഘട്ടം കൂടി കണക്കാക്കി പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ സർവ്വീസിലില്ലാത്ത കാലഘട്ടം പെൻഷന് കണക്കാക്കാൻ നിർവാഹമില്ലായെന്ന വിവരം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്.

34 (1628) അവിവാഹിതരായ പെൺമക്കൾക്ക് ആജീവനാന്തം കുടുംബ പെൻഷൻ നൽകുന്ന പദ്ധതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാരുടെ അവിവാഹിതരായ പെൺമക്കൾക്ക് ആജീവനാന്ത കുടുംബ പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ മരിച്ചാലും ഈ പദ്ധതിയനുസരിച്ച് 25 വയസ്സു കഴിഞ്ഞ അവിവാഹിതരായ പെൺമക്കൾക്കും കുടുംബ പെൻഷന് അർഹതയുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നിർദ്ദേശമാണ് നല്കിയിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) 31-8-98 ലെ നം.(പി) 2007/98/ധന.എന്ന സർക്കാർ ഉത്തരവു പ്രകാരം ടി അവിവാഹിതരായ പെൺമക്കൾക്ക് കുടുംബ പെൻഷൻ ലഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന 25 വയസ്സെന്ന പ്രായപരിധി മാറ്റി പകരം അവർ അവിവാഹിതരായിരിക്കുന്നിടത്തോളം കാലം മുഴുവനും കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹരായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തു. എന്നാൽ 11.2.1986-ലെ സർക്കാർ ഉത്തരവ് (പി) 146/86/ധനം പ്രകാരം കുടുംബ പെൻഷൻ ലഭിച്ചിട്ടുള്ള കുടുംബ പെൻഷനറുടെ അവിവാഹിതരായ പെൺമക്കൾക്ക് ടി ആജീവനാന്ത കുടുംബപെൻഷൻ അനുവദനീയമല്ല എന്ന 18.2.99 -ലെ നം. (പി)537/99/ധനം. എന്ന സർക്കാർ ഉത്തരവു പ്രകാരം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിനെത്തുടർന്ന് സർക്കാർ ഈ കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ 146/86 ധന. എന്ന ഉത്തരവിന്റെ പരിധിയിൽ വരുന്ന പെൻഷനറുടെ/കുടുംബ പെൻഷനറുടെ അവിവാഹിതകളായ പെൺമക്കൾക്ക് ആജീവനാന്ത കുടുംബപെൻഷൻ നല്കുന്നതിനുള്ള തീരുമാനം മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

35 (1629) ആശ്രിത നിയമനം നൽകുന്നതിനുള്ള മുൻഗണന

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് എത്രപേർക്ക് ഇനിയും ജോലി ലഭിക്കാനുണ്ട്;

(ബി) ഏതു വർഷം വരെയുള്ള അപേക്ഷകർക്കാണ് ഇപ്പോൾ ജോലി നൽകി വരുന്നത്;

(സി) ജോലിയിലുള്ള ആളുടെ നിര്യാണംമൂലം കുടുംബത്തിന് മറ്റു വരുമാനം ഇല്ലാത്തവർക്ക് പ്രത്യേക മുൻഗണന നൽകുന്നത് സംബന്ധിച്ച് സർക്കാരാലോചിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക മുൻഗണന നല്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly